"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സർക്കാർ ജീവനക്കാരെയും അധ്യാപകരെയും നിയോഗിക്കുന്നത് - മാർഗ്ഗ രേഖ -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

**G.O.(Rt)No.410/2021/DMD** തീയതി,തിരുവനന്തപുരം, 11/05/2021

---

പരാമർശം:- 1 സ.ഉ.(ആർ.റ്റി) 408/2021/ദു.നി.വ തീയതി 10/05/2021

**<u>ഉത്തരവ്</u>**

10.5.2021 മുതൽ 16.5.2021 വരെ സംസ്ഥാനത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിന്റെ ഭാഗമായി സർക്കാർ അന്തർ ജില്ലാ യാത്രകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ജോലിക്ക് ഹാജരാകാൻ കഴിയാത്ത സർക്കാർ ജീവനക്കാരെയും അധ്യാപകരെയും കോവിഡ് അനുബന്ധ സേവനങ്ങൾക്കായി ജില്ലാ കളക്ടർമാർക്ക് കീഴിൽ വിന്യസിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) എല്ലാ വകുപ്പ്/ഓഫീസ് മേധാവികളും മേൽ പ്രസ്താവിച്ച വിഭാഗങ്ങളിൽ വരുന്ന ജീവനക്കാരുടെയും അധ്യാപകരുടെയും പേര്, മേൽവിലാസം, മൊബൈൽ നമ്പർ, തസ്തിക, PEN നമ്പർ എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉത്തരവിന്റെ ഒടുവിൽ ചേർത്തിരിക്കുന്ന ഫോർമാറ്റിൽ ജീവനക്കാരുടെ സ്വന്തം ജില്ലയുടെ ചുമതലയുള്ള ജില്ലാ കളക്ടർമാർക്ക് അടിയന്തിരമായി നൽകേണ്ടതാണ്.

2) കോവിഡ് മാനദണ്ഡങ്ങൾ പ്രകാരം ജോലിക്ക് ഹാജരാകുന്നതിൽ നിന്ന് ആരോഗ്യപരമായ കാരണങ്ങളാൽ സർക്കാർ ഒഴിവാക്കിയിട്ടുള്ള വിഭാഗങ്ങളെ കോവിഡ് അനുബന്ധ സേവനങ്ങളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

3) ഇത്തരത്തിൽ ലഭ്യമായ ജീവനക്കാരെ അതത് ജില്ലാ കളക്ടർമാർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കളക്ടറേറ്റുകളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും അടിയന്തിരമായി വിന്യസിക്കേണ്ടതാണ്.ഇതിനായി തദ്ദേശ സ്ഥാപനങ്ങൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദേശ പ്രകാരം പ്രവർത്തിക്കേണ്ടതാണ്.

4) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെയും, നഗരസഭ സെക്രട്ടറിമാരെ/ ജില്ല ആസ്ഥാനമായിട്ടുള്ള നഗരസഭയിലെ മുനിസിപ്പൽ സെക്രട്ടറിമാരെയും കോവിഡ് പ്രതിരോധത്തിന്റെ ഏകോപനത്തിനും വിവര ശേഖരണത്തിനുമായി ജില്ലാ ദുരന്ത നിവാരണ അധികാരികൾ ,ജില്ലാ ദുരന്ത നിവാരണ യോഗങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

Scanned with CamScanner

| ക്രമ നമ്പർ | ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പ േരര് | തസ്തിക | പെൻ നമ്പർ | ഫോൺ നമ്പർ | മേൽ വിലാസം |
|---|---|---|---|---|---|
| | | | | | |

ഓഫീസ് /വകുപ്പിന്റെ മേധാവിയുടെ പേര്

ഒപ്പ്

ഓഫീസ് സീൽ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR. A JAYATHILAK IAS

ADDITIONAL CHIEF SECRETARY

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽസെക്രട്ടറി

/സെക്രട്ടറിമാർക്കും

എല്ലാ വകുപ്പ് മേധാവികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

ലാന്റ് റവന്യൂ കമ്മീഷണർ

പഞ്ചായത്ത് വകുപ്പ്

കമ്മീഷണർ, ദുരന്ത നിവാരണം

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ചീഫ് സെക്രട്ടറിയുടെ സ്പെഷൽ സെക്രട്ടറിയ്ക്ക്

ദുരന്ത നിവാരണ വകുപ്പ് അഡീ. ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned with CamScanner